# സെന്റ്. ജെറാർഡ്

വളരെ പ്രത്യേകതകളുള്ള ഒരു വിശുദ്ധനാണ് ജെറാർഡ് മജല്ല. ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരേ സമയം പലസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനുള്ള സിദ്ധിയും പ്രവചനവരവും ആത്മാക്കളെ വിവേചിച്ചറിയുന്നതിനുള്ള വരവും മരിച്ചവരെപ്പോലും ഉയിർപ്പിക്കുവാൻ തക്ക അത്ഭുതപ്രവർത്തനവരവും അദ്ദേഹത്തിനുണ്ടായിരുന്നു. കൂടാതെ ഈശോയും ദൈവമാതാവും പലപ്രാവശ്യം അദ്ദേഹത്തിന് പ്രത്യക്ഷപ്പെടുമായിരുന്നു.

തെക്കേ ഇറ്റലിയിൽ നേപ്പിൽസിൽ നിന്ന് ഏകദേശം അമ്പത് കിലോമീറ്റർ അകലെ മൂറോ എന്ന നഗരത്തിൽ 1756 ലായിരുന്നു ജനനം. അഞ്ചുമക്കളിൽ ഏറ്റവും ഇളയവനായിരുന്നു അദ്ദേഹം. ഈ സന്തോഷം അധികം നീണ്ടുനിന്നില്ല. കുഞ്ഞിന്റെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നു. പെട്ടന്ന് തന്നെ കുഞ്ഞിന് മാമ്മോദീസ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. ജീവിതത്തിലുടനീളം തന്റെ മോശമായ ആരോഗ്യസ്ഥിതി അദ്ദേഹത്തിന്റെ വിഷമ ങ്ങളിലൊന്നായിരുന്നു. മോശമായ ആരോഗ്യം കാരണം അദ്ദേഹത്തിന് ഒരു സന്യാസഭയിൽ അംഗമായി ചേരുന്നതിന് വളരെ കഠിനമായി അദ്ധ്വാനിക്കേണ്ടി വന്നു. ജെറാർഡിന്റെ അമ്മ യുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. എന്റെ കുഞ്ഞിന്റെ ഏക സന്തോഷം ദൈവാലയമാ ണ്. ദിവ്യകാരുണ്യത്തിന് മുൻപിൽ അനേക മണിക്കൂറുകൾ അവൻ മുട്ടിൻമേൽ നിൽക്കു ന്നത് ഞാൻ കാണുന്നു. വീട്ടിലും അവന് ഏറ്റവും ഇഷ്ടമുള്ള കാര്യം പ്രാർത്ഥനയായിരുന്നു.

ജെറാർഡിന്റെ പ്രാർത്ഥനയുടെ ഫലമായി അത്ഭുതകരമായ അനുഗ്രഹങ്ങൾ കുടുംബ ത്തിലേക്ക് പ്രവഹിച്ചുതുടങ്ങി. ധാരാളം അംഗങ്ങളുള്ള കുടുംബത്തിലേക്ക് പലപ്പോഴും അവൻ കയറി വരിക അപ്പവുമായിട്ടായിരിക്കും. ദാരിദ്ര്യത്തിൽ കഴിഞ്ഞ കുടുംബത്തിന് അതു വലിയ ആശ്വാസമായിരുന്നു. തന്റെ മകൻ മോഷ്ടിക്കില്ലെന്ന് മാതാപിതാക്കൾക്കറിയാം. എങ്കിലും അവർ ചോദിച്ചു എവിടെ നിന്നാണ് ഇത്രയും ഭക്ഷണം. എല്ലാ പ്രാവശ്യവും അവന്റെ ഉത്തരം ഒന്നു തന്നെ – ഒരു സുന്ദരനായ ആൺകുട്ടി എനിക്കിവ കൊണ്ടുവന്നു തന്നു.

ഈ ഉത്തരത്തിൽ മതിവരാതെ ഒരിക്കൽ അവന്റെ സഹോദരി അവനെ ദൈവാലയത്തി ലേക്ക് അനുഗമിക്കാൻ തീരുമാനിച്ചു. പരിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണീശോയുടേയും രൂപത്തിനുമുൻപിൽ മുട്ടിൻമേൽ നിന്ന് കണ്ണുനീരോടെ കൊച്ചുജെറാർഡ് പ്രാർത്ഥിക്കുന്നത് അവൾ കണ്ടു. പെട്ടന്ന് അത്ഭുതകരമായ ഒരു ദൃശ്യം ജെറാർഡിന്റെ സഹോദരി കണ്ടു. ഉണ്ണി യേശു മാതാവിന്റെ കരങ്ങളിൽ നിന്നിറങ്ങിവന്ന് കൊച്ചുജെറാർഡിനോടൊപ്പം കളിക്കുന്നു. ശേഷം ഉണ്ണിയേശു അവന് ഒരു കഷണം റൊട്ടി സമ്മാനിച്ചിട്ട് മാതാവിന്റെ കരങ്ങളിലേക്ക് മട ങ്ങി.

സഹോദരി ഇക്കാര്യം അമ്മയെ അറിയിച്ചപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി. അന്നു മുതൽ ജെറാർഡിനെ കുടുംബാംഗങ്ങൾ വ്യത്യസ്തനായി കാണുവാൻ തുടങ്ങി. വികാരിയ ച്ചനും ഈ കൊച്ചു പയ്യന്റെ ജീവിതത്തിൽ ശ്രദ്ധചെലുത്തിത്തുടങ്ങി. അതിനാൽ ഒന്നിടവിട്ട ദിവസങ്ങളിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള അനുവാദം അദ്ദേഹം അവന് നൽകി. ജെറാർഡിന് ഏഴുവയസ്സുണ്ടായിരുന്നപ്പോൾ ദിവ്യകാരുണ്യം സ്വീകരിക്കാൻ വരിയിൽ നിന്ന തുമായി ബന്ധപ്പെട്ടൊരു കഥയുണ്ട്. വൈദികൻ അവനെ കടന്നു പോയപ്പോൾ അവൻ തകർന്നു പോയി. അടുത്തദിവസം രാത്രിയിൽ വിശുദ്ധ മിഖായേൽ മാലാഖ അവന് പ്രത്യക്ഷനായി ആദ്യ വിശുദ്ധ കുർബാന അവന് നൽകുകയുണ്ടായി.

ജെറാർഡിന് പന്ത്രണ്ട് വയസ്സുണ്ടായിരുന്നപ്പോൾ അവന്റെ അച്ഛൻ മരിച്ചു. പിതാവിന്റെ ജോലിയായിരുന്ന നെയ്ത്ത് തന്നെ അഭ്യസിക്കുവാൻ ജെറാർഡും നിർബന്ധിതനായി. അവനെ ഇതിനായി പരിശീലിപ്പിച്ച മനുഷ്യൻ ആ കുടുംബത്തിന്റെ ആവശ്യം മനസിലാക്കി വളരെ നല്ല

രീതിയിലാണ് ജെറാർഡിനോട് പെരുമാറിയത്. എന്നാൽ കൂടെയുള്ളവർ വളരെ കഠിനമായി അവനോട് പെരുമാറി. ജോലി സ്ഥലം അവന് വല്ലാത്ത വേദന നൽകുന്ന ഇടമായിത്തീർന്നു. എന്നാൽ സകലതും ദൈവത്തിന്റെ ഹിതമായിക്കണ്ട് ക്ഷമയോടെ സഹിക്കുവാൻ ജെറാർഡ് തയ്യാറായി. പീഡിപ്പിക്കുന്നവർ ഒരു ദിവസം സഹികെട്ട് അവനോട് ചോദിച്ചു. അടിവാങ്ങേണ്ടി വരുമ്പോഴും നീ ചിരിക്കുന്നതെന്തുകൊണ്ട്? ജെറാർഡിന്റെ മറുപടി ഇപ്രകാരമായിരുന്നു. ദൈവത്തിന്റെ കരം എന്നെ ശിക്ഷണവിധേയമാക്കുന്നത് ഞാൻ കാണുന്നു. അങ്ങനെ സകല ദൈവത്തിന്റെ ഹിതം നിറവേറട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ജെറാർഡ് പ്രശ്നങ്ങളെ അതിജീവിച്ചു.

നാലുവർഷത്തെ പഠനത്തിനുശേഷം അവൻ ലാസിഡോണിയയിലെ മെത്രാന്റെ ഭവനത്തിൽ ഒരു സേവകനായി ജോലി തേടിക്കൊണ്ട് സകലരെയും അത്ഭുതപ്പെടുത്തി. ഈ മെത്രാൻ വളരെ ദേഷ്യക്കാരനായിരുന്നെങ്കിലും വളരെ ഭവ്യതയോടെയും സ്നേഹത്തോടെയും ജെറാർഡ് അദ്ദേഹത്തെ സേവിച്ചു. ഒരു ദിവസം ജെറാർഡിന്റെ കൈയ്യിൽ നിന്ന് മെത്രാസന മന്ദിരത്തിന്റെ താക്കോൽ കിണറ്റിൽ വീണുപോകുന്നതിനിടയായി. ജെറാർഡ് ഉണ്ണിയേശുവിന്റെ ഒരു രൂപം ചരടിൽ കെട്ടി കിണറ്റിലേക്കിറക്കി. കണ്ടുനിന്നവർ അവന്റെ മണ്ടത്തരം കണ്ട് അവനെ കളിയാക്കി. എന്നാൽ ചരട് വലിച്ച് ഉണ്ണിയേശുവിനെ പുറത്തെടുത്തപ്പോൾ ഈശോയുടെ കൈയ്യിൽ താക്കോലുണ്ടായിരുന്നു.

ഏഴു വർഷങ്ങൾ കഴിഞ്ഞപ്പോൾ മെത്രാൻ മരിച്ചു. പത്തൊൻപത് വയസ്സുകാരൻ ജെറാർഡ് തന്റെ വീട്ടിലേക്ക് മടങ്ങി. അവിടെ മൂറോ നഗരത്തിൽ അവൻ ഒരു തയ്യൽക്കട തുടങ്ങി. തന്റെ വരുമാനത്തിൽ മൂന്നിലൊന്ന് കുടുംബത്തിലേക്കും മൂന്നിലൊന്ന് പാവങ്ങൾക്കും ശേഷിച്ചത് വിശുദ്ധ കുർബാന ചൊല്ലിക്കുന്നതിനും മറ്റ് ഭക്തകാര്യങ്ങൾക്കുമായി അവൻ ചിലവഴിച്ചു. ആരോഗ്യം മോശമായതിനാൽ മൂന്നുപ്രാവശ്യം സന്യാസഭവനത്തിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം നിഷേധിക്കപ്പെട്ടുവെങ്കിലും ജെറാർഡ് പ്രതീക്ഷ കൈവിട്ടില്ല. സന്യാസിയാകുന്നതിനുള്ള ആഗ്രഹം അദ്ദേഹത്തിൽ ജ്വലിച്ചു. സന്യാസികൾ ചെയ്യുന്നതുപോലെ പ്രായശ്ചിത്തപ്രവർത്തികളും പരിഹാരങ്ങളും അദ്ദേഹം സ്വയം ചെയ്തു തുടങ്ങി. വെറുതെ കിട്ടുന്ന സമയം മുഴുവൻ പ്രാർത്ഥനയിലായിരുന്നു ജെറാർഡ്. പലപ്പോഴും അത് രാത്രിമുഴുവൻ നീളും.

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ കാര്യങ്ങൾക്ക് മാറ്റമുണ്ടായി. നോമ്പുകാലമായിരുന്നു അത്. പുതുതായി സ്ഥാപിക്കപ്പെട്ട റിഡംപ്ട്രിസ്റ്റ് സന്യാസസഭയിൽപ്പെട്ട വൈദികർ നോമ്പുകാല ധ്യാനം നടത്തുന്നതിനായി മൂറോ നഗരത്തിലെത്തി. അവരുടെ പ്രസംഗങ്ങളും സാന്നിദ്ധ്യവും ജെറാർഡിനെ വല്ലാതെ ആകർഷിച്ചു. ധ്യാനത്തിന്റെ അവസാനം സംഘത്തിന്റെ നേതാവായ ഫാ. കഫാർഡിനോട് തന്നെയും അവരുടെ സന്യാസസഭയിൽ ചേർക്കണമെന്ന് അവൻ അപേക്ഷിച്ചു. അപ്പോഴും അവന്റെ ആരോഗ്യത്തിന് മാറ്റമൊന്നുമുണ്ടായിരുന്നില്ല.അവൻ വാശിപ്പിടിച്ചപ്പോൾ  വൈദികരുടെ നിർദേശപ്രകാരം ജെറാർഡിന്റെ അമ്മ അവനെ മുറിയിൽ പൂട്ടിയിട്ടു. താക്കോൽ കൈവശം വച്ചു. എന്നാൽ അടുത്തദിവസം മുറി തുറന്നു നോക്കിയപ്പോൾ ജെറാർഡിനെ കാണാനില്ല. ഭിത്തിയിൽ അവൻ തന്റെ കൈപ്പടയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു – ഞാനൊരു വിശുദ്ധനാകുവാൻ പോകുന്നു.

രാത്രിയിൽ അവൻ വൈദികരെ തേടിപ്പിടിച്ചു. യാതൊരു തടസ്സവും അവനെ പിന്മാറ്റില്ലെന്ന് വൈദികർക്ക് മനസ്സിലായി. അവനെ അവർ ലിഷെത്തോയിലെ റിഡംപ്ട്രിസ്റ്റ് ഭവനത്തിലേക്കയച്ചു. ഉപയോഗശൂന്യനായ ഒരു സഹോദരനെ ഞങ്ങൾ നിങ്ങളുടെ അടുക്കലേക്കയക്കുന്നു എന്നതായിരുന്നു കൊടുത്തുവിട്ട കത്തിലെ ഉള്ളടക്കം.

വലിയ സന്തോഷത്തോടെ ജെറാർഡ് തന്റെ സന്യാസ ജീവിതം ആരംഭിച്ചു. എല്ലാവരെയും അവൻ അത്ഭുതപ്പെടുത്തി. ഉപയോഗശൂന്യൻ എന്ന ലേബൽ അവൻ തിരുത്തിയെഴുതി. നാലുപേർക്ക് ചെയ്യാവുന്ന ജോലികൾ അവൻ ഒറ്റയ്ക്ക് ചെയ്യുമായിരുന്നു. പൂന്തോട്ടത്തിൽ ജോലിക്കാരനായി തുടങ്ങിയ അവൻ ദൈവാലയശുശ്രൂഷിയായി.അവനോടു ചെയ്തത് വലിയ തെറ്റായിരുന്നുവെന്ന് മനസ്സിലാക്കി അവർ അവനെ നോവിഷ്യേറ്റിൽ ചേർത്തു. സ്വന്തം ജോലി മാത്രമല്ല, മറ്റു പലരുടേയും ജോലികളും ജെറാർഡ് ഏറ്റെടുത്ത് ചെയ്യുമായിരുന്നു.

പൂർണമായ അനുസരണം പാലിക്കുക എന്നതായിരുന്നു ജെറാർഡിന്റെ സ്വപ്നങ്ങളിലൊന്ന്. അത്ഭുതകരമായ അനുഗ്രഹങ്ങളാണ് ദൈവം ഇതിലൂടെ ജെറാർഡിന് നൽകിയത്. ഒരു ദിവസം ജെറാർഡ് ഗാഢമായ പ്രാർത്ഥനയിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടെന്ന് അവൻ നിലവിളിച്ചു - ഓ നാഥാ, ഞാൻ പോകട്ടെ. എനിക്ക് ജോലി ചെയ്യാനുണ്ട്. അധികാരികൾ വിളിക്കാതെ തന്നെ പലപ്പോഴും ജെറാർഡ് ആവശ്യസമയത്ത് എത്തിച്ചേരുമായിരുന്നു. ഇതെങ്ങനെയാണ് സാധിക്കുന്നതെന്ന് ചോദിച്ചപ്പോൾ തന്റെ ഉള്ളിൽ തോന്നുന്നതാണിതെന്നായിരുന്നു ജെറാർഡിന്റെ മറുപടി. പരീക്ഷിക്കുവാനായി ഉള്ളിൽ ജെറാർഡ് വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച അധികാരികളുടെ പക്കലും അദ്ദേഹം ഓടിയെത്തി. എന്നെ വിളിച്ചോ ഫാദർ? സഹോദരങ്ങൾ ജെറാർഡിനെ ആ നാളുകളിൽ തന്നെ ഒരു വിശുദ്ധനായി കാണുവാൻ തുടങ്ങിയിരുന്നു.

റിഡംപ്ട്രിസ്റ്റ് സന്യാസസഭയുടെ സ്ഥാപകനായ അൽഫോൻസ് ലിഗോരിയും ജെറാർഡിനെക്കുറിച്ച് കേട്ടു. ആരും പറയാതെ തന്നെ ഈ വ്യക്തിയിൽ എന്തോ പ്രത്യേകതകളുണ്ടെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ജെറാർഡിന്റെ നോവിഷേറ്റ് കാലാവധി അദ്ദേഹം ഇളച്ചുകൊടുത്തു. അങ്ങനെ 1752 ൽ ജെറാർഡ് വ്രതവാഗ്ദാനം നടത്തി. സമൂഹത്തിന് വലിയ ഗുണമായിരുന്നു ജെറാർഡിന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും. സന്യാസസഭയിലെ അംഗങ്ങളുടെ ഉടുപ്പുകൾ തുന്നുന്നത് ജെറാർഡായിരുന്നു. കാരണം ആ മേഖലയിലാണല്ലോ അദ്ദേഹം പ്രാവീണ്യം നേടിയിരുന്നത്.

എന്നാൽ ദൈവത്തിന് ഈ യുവാവിലൂടെ അനേകകാര്യങ്ങൾ ചെയ്യുവാനുണ്ടായിരുന്നു. ജെറാർഡിന്റെ അത്ഭുതകരമായ കഴിവുകൾ സകലരും അറിഞ്ഞുതുടങ്ങി. ധ്യാനയാത്രകളിലും മറ്റുമാണ് പലരും ഇതേക്കുറിച്ച് വ്യക്തമായി മനസിലാക്കിയത്. ആത്മാക്കളുടെ നിജസ്ഥിതി മനസിലാക്കി അവരിൽ പാപബോധമുളവാക്കുന്നതിനും അങ്ങനെ അവരെ വിശ്വാസത്തിലേക്ക് തിരികെക്കൊണ്ടുവരുന്നതിനും ഉള്ള ജെറാർഡിന്റെ കഴിവ് അപാരമായിരുന്നു. ജോസഫ് കുപ്പർത്തീനോയെപ്പോലെ വായുവിൽ പറന്നുനടക്കുന്നതിനും ജെറാർഡിന് കഴിയുമായിരുന്നു.

മറ്റൊരു വരം പലസ്ഥലങ്ങളിൽ ഒരേ സമയം പ്രത്യക്ഷപ്പെടുന്നതിനുള്ള കഴിവാണ്. ഒരു പകർച്ചവ്യാധി വ്യാപിച്ചപ്പോൾ പല വീടുകളിലും ഒരേ സമയം സഹായവുമായി എത്തിയിരുന്നത് ജെറാർഡായിരുന്നു. ദൂരെയായിരിക്കുമ്പോൾ തന്നെ മൂറോ നഗരത്തിലും പലപ്പോഴും അദ്ദേഹത്തെ കണ്ടവരുണ്ട്. മറ്റൊരു അത്ഭുതം ഇപ്രകാരമാണ്. പ്രാർത്ഥനാസമയത്ത് ദൈവാലയത്തിൽ ജെറാർഡിനെ കാണാതായപ്പോൾ അധികാരികൾ വിഷമിച്ചു. ചോദിപ്പോൾ താൻ പ്രാർത്ഥനാസ്ഥലത്തുണ്ടായിരുന്നെന്നും പ്രാർത്ഥനയിൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ കാണപ്പെടാത്ത അവസ്ഥയിൽ ഇരിക്കുവാനുള്ള കൃപ ലഭിച്ചതാണെന്നും ജെറാർഡ് സാക്ഷ്യപ്പെടുത്തി. അങ്ങനെയുള്ള പ്രാർത്ഥനകൾ മേലിൽ ഉണ്ടാകരുതെന്ന് താക്കീത് നൽകുവാൻ മാത്രമേ അധികാരികൾക്കായുള്ളൂ.

ജെറാർഡിന്റെ ഈ ലോകജീവിതം വെറും ഇരുപത്തൊൻപത് വർഷങ്ങൾ മാത്രമേ

നീണ്ടുള്ളൂ. ഗർഭിണികളായ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ജീവിതകാലത്തു തന്നെ അദ്ദേഹം സഹായിക്കുമായിരുന്നു. അതിനാൽ തന്നെ മരണശേഷവും തന്റെ സഹായങ്ങൾ പ്രത്യേകമായി ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും അദ്ദേഹം നൽകിവരുന്നു.

കുഞ്ഞുജനിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും കുഞ്ഞുങ്ങൾ മരിച്ചുപോയേക്കുമെന്ന് ഡോക്ടർമാർ സംശയം പ്രകടിപ്പിച്ച സാഹചര്യങ്ങളിലും ജെറാർഡിന്റെ പ്രത്യേക മദ്ധ്യസ്ഥതയാൽ അനുഗ്രഹം ലഭിച്ചു. ലോകത്തെവിടെയെല്ലാം ഗർഭിണികളായ അമ്മമാർ ജെറാർഡിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹം അവരെ സഹായിക്കുവാനായി എത്തിയിട്ടുണ്ട്.

ഒരിക്കൽ കെട്ടിടം പണിയിലേർപ്പെട്ടിരുന്ന ജെറാർഡിനോട് അനുവാദമില്ലാതെ ഒരത്ഭുതം പോലും പ്രവർത്തിച്ച് പോകരുതെന്ന് അധികാരികൾ കർശനമായി നിർദ്ദേശിച്ചിരുന്നു. അനുസരണം കാര്യമായി പാലിച്ചിരുന്ന വ്യക്തിയായിരുന്നല്ലോ ജെറാർഡ്. പണിക്കാരിൽ ഒരാൾ മുകളിലത്തെ നിലയിൽ നിന്ന് താഴേക്ക് വീണു. ജെറാർഡ് തന്റെ കരങ്ങളുയർത്തി പറഞ്ഞു - അവിടെ നിൽക്കുക. വീണ മനുഷ്യൻ പാതിവഴിയിൽ പിടിച്ചുനിറുത്തപ്പെട്ടു. ജെറാർഡ് ഓടി തന്റെ അധികാരികളുടെ അടുക്കലെത്തി പറഞ്ഞു - ദയവായി അത്ഭുതം പ്രവർത്തിക്കാനും ആ മനുഷ്യനെ രക്ഷിക്കുവാനും ഉള്ള അനുവാദം തരണം. അനുവാദം വാങ്ങി തിരികെയെത്തിയെ ജെറാർഡ് ആ മനുഷ്യനെ പതിയെ നിലത്തിറക്കി.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ജെറാർഡിന്റെ ജീവിതത്തിൽ കുറവായിരുന്നില്ല. ശത്രുക്കളുടെ ലൈംഗിക ആരോപണങ്ങൾ ആ യുവവിശുദ്ധന്റെ ജീവിതത്തെ വല്ലാതെ പിടിച്ചുകുലുക്കി. നിശബ്ദനായി അദ്ദേഹം ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കായി കാത്തിരുന്നു. ഇക്കാലത്ത് അദ്ദേഹത്തിന്റെ നിശബ്ദതയും സ്വയം ന്യായീകരിക്കുവാനുള്ള മടിയും കണ്ട് പലരും പറഞ്ഞു - ഒന്നുകിൽ അയാളൊരു വിഢിയാണ്, അല്ലെങ്കിൽ മഹാവിശുദ്ധൻ.ജെറാർഡിനെ അടുത്തറിഞ്ഞവരെല്ലാം അദ്ദേഹത്തെ ഒരു വിശുദ്ധനെന്ന് വിളിച്ചു. എന്നാൽ സാത്താൻ ഈ വിളിയിൽ അത്ര രസമുള്ളവനായിരുന്നില്ല. അദ്ദേഹം മാനസാന്തരപ്പെടുത്തിയവരെല്ലാം ജെറാർഡ് ഒരുകപടനാട്യക്കാരനാണെന്നറിഞ്ഞാൽ തിരികെ തങ്ങളുടെ പാപ ജീവിതത്തിലേക്ക് പോകുമെന്നായിരുന്നു പിശാച് കരുതിയിരുന്നത്.

സന്യാസഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിച്ചിരുന്ന ചില സഹോദരിമാരെ ജെറാർഡ് സഹായിച്ചിരുന്നു. അവരെ സാമ്പത്തികമായി സഹായിക്കുവാൻ ആളുകളെ തേടിപ്പിടിച്ചിരുന്നതും ജെറാർഡായിരുന്നു. അങ്ങനെയൊരു യുവതിയായിരുന്നു ലാസി ഡോണിയയിലെ മരിയ കജോണ. മെത്രാനെ സഹായിച്ചുകൊണ്ട് ജെറാർഡ് ജോലിചെയ്തിരുന്ന സ്ഥലമായിരുന്നു അത്. അതിനാൽ തന്നെ പരിചയത്തിലുള്ള ഈ യുവതിയെ സഹായിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഈ യുവതി ഫോർജിയായിലെ സന്യാസഭവനത്തിൽ ചേർന്നു. ജെറാർഡിന്റെ ശുപാർശപ്രകാരമായിരുന്നു അത്. മാത്രവുമല്ല അവിടുത്തെ സന്യാസിനികളുടെ ആത്മീയ കാര്യങ്ങളിൽ അവരെ സഹായിച്ചിരുന്നതും അദ്ദേഹമായിരുന്നു. എന്നാൽ സന്യാസഭവനത്തിൽ നിന്ന് പുറത്ത് കടക്കുവാൻ അവൾ ആഗ്രഹിച്ചു.

ഈ അപമാനത്തിന്റെ ഭാരം സ്വയം ഏറ്റെടുക്കുവാൻ അവൾ തയ്യാറായിരുന്നില്ല. മരിയ താൻ അംഗമായിരുന്ന സന്യാസഭവനത്തിലെ മറ്റംഗങ്ങളെക്കുറിച്ച് പരാതി പറയുവാൻ തുടങ്ങി. വിശുദ്ധ ജീവിതം നയിച്ചിരുന്ന ജെറാർഡാണ് ഈ സമൂഹത്തെ അവൾക്കുവേണ്ടി നിർദേശിച്ചിരുന്നത് എന്ന് ജനങ്ങൾക്കറിയാമായിരുന്നു. അതിനാൽ അവർ അത് വിശ്വസിക്കുവാൻ തയ്യാറായില്ല. ജെറാർഡിന്റെ വാക്കുകളിലുള്ള വിശ്വാസമായിരുന്നു കാരണം. മരിയ കജോണെ തന്റെ ആക്രമണം ജെറാർഡിന് നേരെയാക്കി. ലാസിഡോണിയായിലെ ഒരു പെൺകുട്ടിയെ

ജെറാർഡ് ലൈംഗികമായി പീഡിപ്പിച്ചു എന്നായിരുന്നു ആരോപണം.

1754 ൽ ഒരു മാസത്തോളം പ്രസ്തുത ഭവനത്തിൽ ജെറാർഡിന് താമസിക്കേണ്ടി വന്നിരുന്നു. ആ കുടുംബത്തിലെ നാലു പെൺകുട്ടികളിൽ രണ്ടുപേർ മഠത്തിൽ ചേർന്നിരുന്നു. മറ്റു രണ്ടുകുട്ടികളെ ചേർത്താണ് മരിയ കഥകൾ മെനഞ്ഞത്. അധികാരികൾ അന്വേഷണം തുടങ്ങി. മരിയയ്ക്ക് പ്രത്യേകിച്ച് ജെറാർഡിനോട് വിഷമം തോന്നേണ്ട കാര്യമുണ്ടായിരുന്നില്ല. അവസാനം ജെറാർഡ് പ്രതിക്കൂട്ടിലായി. ആരോപണവിധേയയായ പെൺകുട്ടിയെ ഒരു പ്രാവശ്യം പോലും അവർ ചോദ്യം ചെയ്തുമില്ല. അധികാരിയായ വൈദികൻ ഈ യുവതിയോട് ജെറാർഡിനെതിരെ ഒരു പരാതിയെഴുതി അൽഫോൻസ് ലിഗോരിക്കയക്കാൻ നിർദേശിച്ചു. അൽഫോൻസ് ലിഗോരി പെട്ടന്ന് തന്നെ ഒരു വൈദികനെ സംഭവങ്ങളുടെ നിജസ്ഥിതി മനസിലാക്കുവാൻ ജെറാർഡിന്റെ പക്കലേക്കയച്ചു.

മരിയയെയും അവളുടെ കുമ്പസാരകനെയും അദ്ദേഹം ചോദ്യം ചെയ്തു. ആരോപണവിധേയയായ പെൺകുട്ടിയെ ചോദ്യം ചെയ്തില്ല. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടപ്പോൾ അൽഫോൻസ് ലിഗോരി ജെറാർഡിനെ നേരിട്ട് വിളിപ്പിച്ചു. അവർ ആദ്യമായി കാണുകയാണ്. പരസ്പരം അതിഗാഢമായി ബഹുമാനിച്ചിരുന്ന രണ്ടുവ്യക്തികൾ തമ്മിലുള്ള കൂടിക്കാഴ്ച ഒരുങ്ങിയതോ ഇത്തരമൊരു സാഹചര്യത്തിലും. പ്രതിയും ജഡ്ജിയും എന്ന നിലയിലായിരുന്നു അവരുടെ കണ്ടുമുട്ടൽ. രണ്ടു വിശുദ്ധമായ വ്യക്തികൾ.

അൽഫോൻസ് ലിഗോരി മരിയ കജോണയുടെ ആരോപണവും വൈദികന്റെ പഠന റിപ്പോർട്ടും വായിച്ചു കേൾപ്പിച്ചു. ജെറാർഡ് നിശബ്ദനായി നിന്നു. തലകുനിച്ച് നിശബ്ദനായി നിൽക്കുന്ന തന്റെ സഹോദരനെ വീണ്ടും വീണ്ടും അൽഫോൻസ് ലിഗോരി നോക്കി. ജെറാർഡ് തനിക്കെതിരെയുള്ള ആരോപണം നിഷേധിക്കുകയോ സമ്മതിക്കുകയോ ചെയ്തില്ല. ജെറാർഡിനെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുകയല്ലാതെ മറ്റൊരു വഴിയും അൽഫോൻസ് ലിഗോരിയുടെ മുന്നിലുണ്ടായിരുന്നില്ല. യഥാർത്ഥ അധികാരിയായി അദ്ദേഹത്തിന് പ്രവർത്തിക്കേണ്ടി വന്നു.

ജെറാർഡിന്റെ ആനുകൂല്യങ്ങളും അധികാരങ്ങളുമെല്ലാം എടുത്തുമാറ്റപ്പെട്ടു. അതിൽ ഏറ്റവും വേദനാജനകമായത് ദിവ്യകാരുണ്യം സ്വീകരിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവായിരുന്നു. പെട്ടന്ന് തന്നെ പൊതുജനമധ്യത്തിൽ നിന്ന് ജെറാർഡ് അപ്രത്യക്ഷനായി. എന്തുകൊണ്ടാണ് ജെറാർഡ് അക്ഷരം പോലും മിണ്ടാതിരുന്നത് എന്നത് പലരെയും ആശ്ചര്യപ്പെടുത്തി. ആരോപണം ശരിയായിട്ടോ, അതോ വലിയൊരു വിശുദ്ധനായതിനാൽ സകല സഹനങ്ങളും ഏറ്റെടുക്കാൻ തയ്യാറായതുകൊണ്ടോ?

1754 ജൂൺ മാസത്തിൽ ഒരു കത്ത് അൽഫോൻസ് ലിഗോരിയെ തേടിയെത്തി. താൻ ജെറാർഡിനെതിരെ നടത്തിയ ആരോപണങ്ങളെല്ലാം തെറ്റായിരുന്നെന്നും അതിൽ പശ്ചാത്താപമുണ്ടെന്നും പറഞ്ഞ് മരിയ കജോണ എഴുതിയ കത്തായിരുന്നു അത്. കോൺവെന്റിൽ നിന്ന് സ്വന്തം കുറ്റത്താലല്ലാതെ പുറത്തുകടക്കുകയായിരുന്നു ലക്ഷ്യമെന്ന് അവൾ വെളിപ്പെടുത്തി. ഇപ്പോൾ കഠിന രോഗിണിയായ അവൾ ദൈവത്തിന്റെ വിധിയെ ഭയപ്പെടുന്നു. പാപത്തിൽ മരിക്കുവാൻ അവൾക്ക് താല്പര്യമില്ല. ഇതോടൊപ്പം അന്വേഷണം നടത്തിയ വൈദികന്റെ മാപ്പപേക്ഷിച്ചുകൊണ്ടുള്ള കത്തും അൽഫോൻസ് ലിഗോരിയെ തേടിയെത്തി.

അൽഫോൻസ് ലിഗോരി ജെറാർഡിനെ വീണ്ടും വിളിപ്പിച്ചു. ഈ സമയം അദ്ദേഹം വളരെ സന്തോഷവാനായിരുന്നു. കത്തുകൾ ജെറാർഡിനെ വായിച്ചു കേൾപ്പിച്ചു. പിന്നീട് ഈ കത്ത് സമൂഹത്തിൽ പരസ്യപ്പെടുത്തി. ജെറാർഡ് യാതൊരു ഭാവഭേദവുമില്ലാതെ നിന്നു. ആരോപണമുണ്ടായപ്പോൾ എന്താണ് ഒന്നും സംസാരിക്കാതിരുന്നതെന്ന് അൽഫോൻസ് ലിഗോരി ചോദി

ച്ചു. അപ്പോൾ ജെറാർഡ് നിയമാവലിയിലെ ഒരു വാക്യം അദ്ദേഹത്തെ ചൂണ്ടികാണിച്ചു.നാം നിശ്ശബ്ദരായി സഹിക്കുകയും ദൈവഹിതത്തിന് തങ്ങളെ സമർപ്പിക്കുകയുമാണ് വേണ്ടത്. തന്റെ നിശ്ശബ്ദതയെ യേശുവിന്റെ നിശ്ശബ്ദതയോട് അദ്ദേഹം ഉപമിച്ചു. നിയമത്തിന്റെ ഈ വ്യാഖ്യാനം അങ്ങനെയായിരുന്നില്ലെന്ന് അൽഫോൻസ് ജെറാർഡിന് പറഞ്ഞുകൊടുത്തു.

ട്യൂബർകുലോസിസ് എന്ന മാരകരോഗമാണ് ജെറാർഡിനെ കാർന്നു തിന്നത്. കൊച്ചു ത്രേസ്യായെപ്പോലെയും ലൂർദിലെ ബർണദീത്തയെപ്പോലെയും വളരെ ക്ഷമയോടും സഹന ത്തോടും കൂടി അദ്ദേഹം അത് ഏറ്റെടുത്തു. ശരീരത്തിൽ പ്രകടമായി വ്യക്തമാകാത്ത പക്ഷം അദ്ദേഹം രോഗിയാണെന്ന പോലും ആർക്കും അറിയുവാൻ സാധിക്കുമായിരുന്നില്ല. സത്യ ത്തിൽ മരണസമയത്തുപോലും അദ്ദേഹം തന്റെ ജോലിയിൽ സാധാരണപോലെ വ്യാപൃനായി രുന്നു. 1755 ഓഗസ്റ്റ് മാസത്തിലായിരുന്നു അത്. അദ്ദേഹത്തെ സഹായിക്കുവാനായി ഒരു സഹോ ദരൻ നിയോഗിക്കപ്പെട്ടു. എന്നാൽ ആ സഹോദരന്റെ രോഗത്തിൽ അവനെ സഹായിച്ചത് ജെറാർഡായിരുന്നു. 1755 ഒക്ടോബർ മാസം പതിനാറാം തിയതി ദിവ്യനാഥന്റെ പറുദീസയി ലേക്കുള്ള വിളി കേട്ട് ജെറാർഡ് ഈ ലോകത്തോട് വിടപറഞ്ഞു.

1893ൽ ലിയോ പതിമൂന്നാമൻ പാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കു യർത്തുകയും 1904 ൽ പത്താം പീയൂസ് പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ നമുക്ക് മഹനീയമായ ഈ ജീവിതകഥ ഉപസംഹ രിക്കാം. ഞാനെപ്പോഴും ദൈവത്തോടൊപ്പമായിരിക്കാൻ ആഗ്രഹിക്കുന്നു. എനിക്കവിടുത്തെ സ്നേഹിക്കണം. നമ്മെത്തന്നെ നാം ദൈവത്തിന് പൂർണമായി സമർപ്പിക്കണം. അവിടുത്തെ ഹിതം എന്തായാലും അതിന് നമ്മെത്തന്നെ സമർപ്പിക്കുമ്പോഴാണ് നമ്മുടെ സമർപ്പണം പൂർണ മാകുന്നത്.